**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1278** **14-03-2022 - ൽ മറുപടിയ്ക്ക്**

**ശാസ്താംപാറ അഡ്വഞ്ചർ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ശാസ്താംപാറ അഡ്വഞ്ചർ അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | സാഹസിക ടൂറിസം മേഖലയിൽ ആവശ്യമുള്ള മാനവശേഷി ഉറപ്പുവരുത്തുന്നതിനായി ഒരു "അഡ്വഞ്ചർ ടൂറിസം അക്കാഡമി" സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് തീരുമാനിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിലപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാര വകുപ്പിന് അഡ്വഞ്ചർ ടൂറിസം അക്കാദമി തുടങ്ങുന്നതിനുള്ള ഉപയോഗാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഡയറക്ടർ സമർപ്പിച്ച D.P.R സർക്കാരിൽ വിശദമായി പരിശോധിക്കുകയും പ്രസ്തുത അക്കാദമിയുടെ വിശദാംശങ്ങൾ, ആവശ്യകത, കോഴ്സുകളുടെ വിശദാംശങ്ങൾ, തസ്തിക സൃഷ്ടിക്കൽ, സാമ്പത്തിക ഉറവിടം, അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക ബാധ്യത, ആവർത്തന ചെലവ്, തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ D.P.R ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ആയതിന് വേണ്ടിയുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്നും അഡ്വഞ്ചർ അക്കാദമിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ